പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 101

04.02.2019-ൽ മറുപടിക്ക്

## ദേശീയപാത വികസനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ബി.സത്യൻ<br>,, കെ.കുഞ്ഞിരാമൻ<br>,,, ജെയിംസ് മാത്യൂ<br>,, എം. സ്വരാജ് : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് - തിരുവനന്തപുരം ദേശീയപാത നാലുവരിയാക്കുന്ന പ്രവർത്തനം എപ്പോൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; നിലവിലെ പുരോഗതി അറിയിക്കാമോ; | (എ) കാസർഗോഡ് - തിരുവനന്തപുരം ദേശീയപാതയുടെ 4/6 വരിപ്പാതയാക്കലിന്റെ നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു.<br><br>**<u>കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം</u>**<br>* തലപ്പാടി മുതൽ കാപ്പിരിക്കാട് വരെയുള്ള ദേശീയപാത 66-ന്റെ 4/6 വരിപ്പാതയാക്കാനുള്ള സ്ഥലമെടുപ്പ് പുരോഗമിച്ചുവരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്നതാണ്.<br>* 4 വരി - തലശ്ശേരി - മാഹി ബൈപ്പാസിന്റെയും, നീലേശ്വരം റെയിൽവേ മേൽപ്പാലത്തിന്റേയും നിർമ്മാണം പുരോഗമിക്കുന്നു.<br>* കോഴിക്കോട് ബൈപ്പാസിന്റെ 6 വരിപ്പാത നിർമ്മാണത്തിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.<br>* 6 വരി - തലപ്പാടി മുതൽ ചെങ്ങള വരെയും ചെങ്ങള മുതൽ നീലേശ്വരം വരെയും ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.<br>* മൂരാട്, പാലോളി എന്നീ പാലങ്ങളുടെ നിർമ്മാണം സ്റ്റാന്റ് എലോൺ ആയി നടപ്പിലാക്കുവാൻ ടെണ്ടറുകൾ നാഷണൽ |

| | | | |
|---|---|---|---|
| | | | ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ ഹെഡ് ക്വാർട്ടേഴ്സിന്റെ അംഗീകാരത്തിന് നൽകിയിട്ടുണ്ട്.<br>**<u>തൃശൂർ</u>**<br>3 എ നോട്ടിഫിക്കേഷൻ പൂർത്തീകരിച്ചു. 3 ഡി നോട്ടിഫിക്കേഷൻ ഫെബ്രുവരിയിൽ പുറപ്പെടുവിക്കുന്നതാണ്.<br>**<u>എറണാകുളം</u>**<br>3 എ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. അലൈൻമെന്റ് സ്ഥിരപ്പെടുത്തൽ നടപടി പുരോഗമിച്ചുവരുന്നു.<br>**<u>ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം</u>**<br>3 എ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. അതിരു കല്ലിടലും , 3 ഡി നോട്ടിഫിക്കേഷനും പുരോഗമിച്ചുവരുന്നു. |
| (ബി). | ദേശീയ പാത വികസനത്തിന് വേണ്ട ഭൂമി ഏറ്റെടുക്കൽ പൂർത്തിയായി ട്ടുണ്ടോ; | (ബി) | സ്ഥലമെടുപ്പ് പുരോഗമിച്ചുവരുന്നു. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ ഭൂമി ഏറ്റെടുപ്പിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. |
| (സി). | കീഴാറ്റൂർ തുടങ്ങിയ സ്ഥലങ്ങളിൽ നടത്തിയ സമരങ്ങൾ ദേശീയപാത വികസന പ്രവർത്തനങ്ങളെ എപ്രകാരം ബാധിച്ചു എന്ന് വ്യക്തമാ ക്കാമോ; | (സി). | കീഴാറ്റൂർ സമരം പദ്ധതി വൈകുന്നതിന് കാരണമായതായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| ഡി). | കേന്ദ്ര സർക്കാർ കീഴാറ്റൂർ ബൈപാസിന്റെ അലൈൻമെന്റ് അംഗീകരിച്ചോ എന്നും നേരത്തെ നിശ്ചയിച്ചതിൽ നിന്നും മാറ്റം വരുത്തിയിട്ടുണ്ടോ എന്നും അറിയി ക്കാമോ; | (ഡി) | നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അലൈൻമെന്റിൽ മാറ്റങ്ങൾ ഒന്നും തന്നെ വരുത്തിയിട്ടില്ല. |
| (ഇ) | ഈ സർക്കാർ അധികാരത്തിലെത്തു മ്പോൾ കൊല്ലം ബൈപാസ് റോഡിന്റെ പണി എത്രശതമാനം പൂർത്തിയായിരുന്നു; | (ഇ). | ഈ സർക്കാർ അധികാരത്തിലെത്തു മ്പോൾ കൊല്ലം ബൈപാസ്സിന്റെ നിർമ്മാണ പുരോഗതി 24% ആയിരുന്നു. |

| | | | |
|---|---|---|---|
| (എഫ്) | ജനാഭിലാഷം പൂർത്തീകരിക്കാനായി ഇച്ഛാശക്തിയോടെ ഇടപെട്ട സർക്കാരിന്റെ നേട്ടത്തിൽ കളങ്കം ചാർത്തുകയെന്ന ലക്ഷ്യത്തോടെ ഉദ്ഘാടനത്തോടനുബന്ധിച്ച് ചിലർ ഇടപെടുകയുണ്ടായോ എന്ന് വെളിപ്പെടുത്താമോ; | (എഫ്) | കൊല്ലം ബൈപ്പാസ് നിർമ്മാണത്തിന്റെ ചെലവ് കേന്ദ്രവും കേരളവും 50:50 അനുപാതത്തിലാണ് വഹിക്കുന്നത്. ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കുന്നതിനു പുറമേ, പ്രവൃത്തിയുടെ നിർവ്വഹണം, മേൽനോട്ടം, പരിശോധനകൾ എന്നിവയെല്ലാം ചെയ്യുത് സംസ്ഥാന പൊതുമരാമത്തു വകുപ്പിലെ ദേശീയപാതാ വിഭാഗമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹു.മുഖ്യമന്ത്രിയും പൊതുമരാമത്തു വകുപ്പ് മന്ത്രിയും കൊല്ലം ജില്ലയിലെ മന്ത്രിമാരും ജനപ്രതിനിധികളും കാര്യക്ഷമമായി നിശ്ചിത ഇടവേളകളിൽ അവലോകന യോഗം നടത്തിയാണ് ഈ പ്രവൃത്തിയിൽ ബാക്കിയുണ്ടായിരുന്ന 76 ശതമാനവും പൂർത്തീകരിച്ചത്.<br>2018 ഒക്ടോബർ 30-നു തലശ്ശേരി - മാഹി ഉദ്ഘാടന വേദിയിൽ വെച്ചു കേന്ദ്ര ഉപരിതല ഗതാഗത വകുപ്പു മന്ത്രിയോട്ട കൊല്ലം ബൈപ്പാസ് ഉദ്ഘാടനം സംബന്ധിച്ചു പൊതുമരാമത്തു വകുപ്പ് മന്ത്രി നേരിൽ സംസാരിച്ചിരുന്നുവെങ്കിലും, 3.1.19 വരെ സംസ്ഥാന സർക്കാരിനു കേന്ദ്ര സർക്കാരിൽ നിന്നും യാതൊരു വിവരവും ഔദ്യോഗികമായി ലഭിക്കുകയുണ്ടായില്ല. എന്നാൽ ചില പത്ര- ദൃശ്യ മാധ്യമങ്ങളിൽ കൊല്ലം ബൈപ്പാസ് ഉദ്ഘാടനം സംബന്ധിച്ച് ആശയക്കുഴപ്പമുണ്ടാക്കുന്ന വിധത്തിൽ വ്യത്യസ്ത തീയതികൾ പറഞ്ഞുകൊണ്ട് വാർത്തകൾ പ്രത്യക്ഷപ്പെട്ടിരുന്നു. സംസ്ഥാന സർക്കാരിന് ഒരു ഔദ്യോഗിക വിവരവുമില്ലാതെ ആധികാരികമല്ലാത്ത വാർത്തകൾ സൃഷ്ടിക്കുന്നതിന്റെ പിന്നിൽ പ്രവർത്തിച്ചവർക്ക് സംസ്ഥാന സർക്കാരിന്റെ നേട്ടത്തിൽ കളങ്കം |

ചാർത്തുകയെന്ന ലക്ഷ്യമാണോ ഉണ്ടായിരുന്നതെന്ന കാര്യത്തിൽ സർക്കാരിന് അറിവുകളൊന്നും ലഭിച്ചിട്ടില്ല.

| | | | |
|---|---|---|---|
| (ജി) | ആലപ്പുഴ ബൈപാസ് നിർമ്മാണം ത്വരിതപ്പെടുത്തുവാൻ നടപടിയെടുത്തി ട്ടുണ്ടോയെന്ന് അറിയിക്കാമോ? | (ജി) | ആലപ്പുഴ ബൈപ്പാസിന്റെ പണികൾ 98.6% പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നത് രണ്ട് റെയിൽവേ മേൽപ്പാലത്തിന്റെ ഗർഡറുകൾ നിരത്തുന്നത് ആകുന്നു. ഗർഡറുകൾ കരാറുകാർ ഫാബ്രിക്കേറ്റ് ചെയ്ത് സ്ഥലത്ത് കൊണ്ട് വെച്ചിട്ടുണ്ട്. റെയിൽവേയുടെ ഭാഗത്ത് നിന്ന് ധാരണാപത്രം ഒപ്പിട്ട് കിട്ടുന്നതിനുള്ള താമസമാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തടസ്സമായി നിൽക്കുന്നത്. |

S. Bindu

സെക്ഷൻ ഓഫീസർ